# പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം : 189      19.6.2012 ൽ മറുപടിയ്ക്ക്

### വൈദ്യുതി സപ്ലൈ കോഡ് ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) വൈദ്യുതി സപ്ലൈ കോഡിന്റെ 12-ാം വകുപ്പ് ഭേദഗതി ചെയ്യാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ഭേദഗതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) വൈദ്യുതിബോർഡ് സപ്ലൈ കോഡിലെ 12-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് 2008 ൽ കമ്മീഷനിൽ സമർപ്പിച്ച അപേക്ഷ നിരസിച്ച തീരുമാനത്തിനെതിരെ ബോർഡ് ഹൈക്കോടതിയിൽ റിട്ട് അപ്പീൽ നം.2114/09 -ാം നമ്പർ ആയി കേസ് കൊടുക്കുകയും പ്രസ്തുത കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ റഗുലേറ്ററി കമ്മീഷൻ സപ്ലൈ കോഡിന്റെ 12-ാം വകുപ്പ് ഭേദഗതി ചെയ്യുകയുമുണ്ടായി. നിലവിലുണ്ടായിരുന്ന വൈദ്യുതി സപ്ലൈ കോഡിന്റെ 12-ാം വകുപ്പ് പ്രകാരം പുതിയ ഒരു ഉപഭോക്താവിന്, മുൻ ഉപഭോക്താവ് വരുത്തിയിട്ടുള്ള കുടിശ്ശിക നിലനില്ക്കുമ്പോൾ തന്നെ, വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ അർഹത ഉണ്ടായിരുന്നു. പഴയ ഉപഭോക്താവിന്റെ ഭീമമായുണ്ടാവുന്ന കുടിശ്ശികകൾ ഈടാക്കുവാൻ കഴിയാതെ വരുന്നതായി ഇലക്ട്രിസിറ്റി ബോർഡ് കമ്മീഷനെ അറിയിക്കുകയും 12-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ അപേക്ഷിക്കുകയും ചെയ്തു. അതനുസരിച്ച് പുതിയ ഉപഭോക്താവിന് കുടിശ്ശിക ഒടുക്കി കണക്ഷൻ |

| | | | |
|---|---|---|---|
| | | | നേടുന്നതിനും കുടിശ്ശിക തുക പഴയ ഉപഭോക്താവിൽ നിന്നും വൈദ്യുതി ബോർഡ് ഈടാക്കിയെടുക്കുന്ന മുറയ്ക്ക് പുതിയ ഉപഭോക്താവിന് തിരികെ നൽകുന്നതിനും വേണ്ടിയാണ് ഭേദഗതി. |
| (സി) | പ്രസ്തുത ഭേദഗതി ജനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (സി) | പരിശോധിച്ചിട്ടുണ്ട്. കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും പബ്ലിക് ഹിയറിംഗ് നടത്തുകയും തൽഫലമായി ലഭിച്ച വിവിധ അഭിപ്രായങ്ങൾ വിശകലനം ചെയ്ത് പരിഗണിക്കുകയും ചെയ്തതിനു ശേഷമാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ കൂടി വെളിച്ചത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ